കേരള സർക്കാർ
സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

---

ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.492/2017/(85)/ധന    തീയതി, തിരുവനന്തപുരം, 09/11/2017.

---

പരാമർശം:- 1.26.02.2011 ലെ സ.ഉ.(പി)നം.85/2011/ധന
2.20.01.2016 ലെ സ.ഉ.(പി)നം.7/2016/ധന
3.സംസ്ഥാന പോലീസ് വകുപ്പ് മേധാവിയുടെ 18.05.2016 ലെ എസ്.7-17484/2014/പി എച്ച് ക്യൂ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 2 ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള സ്കെയിലുകൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ, അപായ സാധ്യത നിലനിൽക്കുന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വിവിധ നിരക്കുകളിൽ റിസ്ക് അലവൻസ് അനുവദിച്ചിരുന്നു. എന്നാൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ജീവനക്കാർക്ക് പരാമർശം 1 ഉത്തരവ് പ്രകാരം ഒൻപതാം ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചിരുന്ന റിസ്ക് അലവൻസ് പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ നിർത്തലാക്കിയിട്ടുള്ളതായി പരാമർശം കത്ത് പ്രകാരം സംസ്ഥാന പോലീസ് വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ജീവനക്കാർ അപകടസാധ്യത ഏറെയുള്ള രാസപദാർത്ഥങ്ങളും സ്ഫോടന സാധ്യതയുള്ള വസ്തുക്കളും കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ ആരോഗ്യപരമായി അപായ സാദ്ധ്യത

കൂടുതലാണെന്നും ആയതിനാൽ ടി ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്നതിന് മതിയായ ന്യായീകരണമുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ജീവനക്കാർക്ക് പരിഷ്കരിച്ച നിരക്കിൽ റിസ്ക് അലവൻസ് തുടർന്നും അനുവദിച്ച് നൽകണമെന്ന് സംസ്ഥാന പോലീസ് വകുപ്പ് മേധാവി ശുപാർശ ചെയ്തിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ താഴെ പരാമർശിക്കുന്ന വിഭാഗം ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

| തസ്തികയുടെ പേര് | പരിഷ്കരിച്ച നിരക്ക് പ്രതിമാസം (രൂപ) |
|---|---|
| ഡയറക്ടർ | 200 |
| ജോയിന്റ് ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ | 150 |
| ബാലിസ്റ്റിക് എക്സ്പേർട്ട്/ സയന്റിഫിക് അസിസ്റ്റന്റ്/ഫോട്ടോഗ്രാഫർ | 150 |
| ഹെഡ് അക്കൗണ്ടന്റ്/ ജൂനിയർ സൂപ്രണ്ട് | 120 |
| ലബോറട്ടറി ടെക്നീഷ്യൻ | 120 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ ക്ലർക്ക്/ ടൈപ്പിസ്റ്റ് | 100 |
| മെക്കാനിക്ക് | 100 |
| പോലീസ് ഡ്രൈവർ/ടെക്നിക്കൽ അസിസ്റ്റന്റ് /ഓഫീസ് അറ്റൻഡന്റ് | 100 |

3. ഈ ഉത്തരവിന് 01.02.2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ
സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ,
അണ്ടർ സെക്രട്ടറിമാർ
സംസ്ഥാന പോലീസ് വകുപ്പ് മേധാവി,തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-543406)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ